# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3213** | **19.06.2018-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിലെ അമൃത് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം നഗരസഭ പരിധിയിൽ അമൃത് പദ്ധതിയിൽപ്പെടുത്തി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; ഈ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 357.50 കോടി രൂപയുടെ 51 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|
| കുടിവെള്ള പദ്ധതികൾ | 8 | 99 കോടി രൂപ |
| സിവറേജ് / സെപ്റ്റേജ് പദ്ധതികൾ | 24 | 160 കോടി രൂപ |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ | 11 | 61 കോടി രൂപ |
| അർബൻ ട്രാൻസ്പോർട്ട് പദ്ധതികൾ | 4 | 32 കോടി രൂപ |
| ഓപ്പൺ സ്പേസ് / പാർക്ക് | 4 | 5.50 കോടി രൂപ |

(ബി) പദ്ധതി അടിസ്ഥാനത്തിൽ ഇവയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 41 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 39 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 22 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. നിർവ്വഹണ ഘട്ടത്തിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കുടിവെള്ളം | - | 4 |
| സിവറേജ് | - | 5 |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 11 |
| അർബൻ ട്രാൻസ്പോർട്ട് | - | 1 |
| പാർക്ക് | - | 1 |
| ആകെ | - | 22 |

(സി) ഇതിൽ ചില പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) പദ്ധതികളിൽ യാതൊന്നും ആരംഭിക്കുവാൻ ഒരു തടസ്സവും നിലവിലില്ല. സാങ്കേതികാനുമതി, ടെണ്ടർ, വർക്ക് അവാർഡിങ് എന്നീ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള പദ്ധതികളും നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.

സെക്ഷൻ ഓഫീസർ